"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - "Operation Cocktail" -മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന-റിട്ട.എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.കെ.പി.ജീസനെതിരായ അച്ചടക്ക നടപടി-വാച്യാന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.498/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10/11/2023-ലെ E15(SC-78/2023/MPM) 41398/2023/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 23/03/2024-ലെ VIG-A2/529/2023/VIG നമ്പർ കത്ത്.
3. 25/04/2024- ലെ നികുതി-എഫ്2/57/2024/നി.വ നമ്പർ കുറ്റാരോപണ മെമ്മോ.
4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ.പി. ജീസൻ 18/05/2024-ൽ സമർപ്പിച്ച എതിർവാദ പത്രിക

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിലെ റേഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും ഡിവിഷണൽ ഓഫീസുകളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന ആരോപണത്തിന്മേൽ സംസ്ഥാന വ്യാപകമായി " Operation Cocktail " എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസിൽ 23.08.2023 തീയതിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ശുപാർശയും പരാമർശം (1),(2) പ്രകാരം വിജിലൻസ് വകുപ്പ് ലഭ്യമാക്കിയിരുന്നു.

i) പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസ് മാനേജരായ ശ്രീ. കെ.പി. ജീസൻ എന്നയാൾ കൈവശമില്ലാത്ത 5,000/- രൂപ രേഖപ്പെടുത്തിയതായി കാണുന്നു. അത് അന്നേക്ക് ലഭ്യമാവാൻ സാധ്യതയുള്ള കൈക്കൂലി തുക മുൻകൂട്ടി രേഖപ്പെടുത്തിയതാണെന്ന് സംശയിക്കാവുന്നതാണ്.

ii) Cash Book രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സർട്ടിഫൈ ചെയ്തതായും 25/07/2023 തീയതിക്കു ശേഷം യാതൊരുവിധ എൻട്രികളും രേഖപ്പെടുത്താതെയും കണ്ടു. ക്ലോസിങ്ങ് ബാലൻസ് ആയി കാണിച്ച പെർമനന്റ് അഡ്വാൻസ് 300/- രൂപ (മുന്നൂറ് രൂപ മാത്രം) ഓഫീസിൽ ഭൗതികമായി കാണപ്പെടുകയും ചെയ്തില്ല.

3) വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസ് മാനേജർ ശ്രീ. കെ.പി. ജീസനെതിരെ കടുത്ത ശിക്ഷക്കുള്ള വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതിന് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. കെ.പി. ജീസൻ 30.11.2023-ൽ വിരമിച്ച സാഹചര്യത്തിൽ ടിയാന്റെ വിശദീകരണം വാങ്ങിയ ശേഷം അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4) വിജിലൻസ് വകുപ്പിന്റെ മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.പി. ജീസൻ 30.11.2023-ൽ വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ മേൽ പറഞ്ഞിരിക്കുന്ന അപാകതയ്ക്ക് KSR Part III 3(b) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.ടി കുറ്റാരോപണ മെമ്മോയ്ക്കും കുറ്റാരോപണ പത്രികയ്ക്കും ടിയാൻ പരാമർശം (4) പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചിരുന്നു.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. കെ.പി. ജീസനെതിരായി KSR Part III 3(b) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരിക്കുന്നതിനാൽ ടി ചട്ടത്തിലെ നടപടി ക്രമം പാലിക്കുന്നതിന്റെ ഭാഗമായി വാച്യാന്വേഷണം നടത്തുന്നതിനായി മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ വാച്യാന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

6) വാച്യാന്വേഷണ ഉദ്യോഗസ്ഥൻ ടി വാച്യാന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ഈ ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ. കെ.പി. ജീസൻ,റിട്ട.എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ(എക്സൈസ് കമ്മീഷണർ മുഖേന)
3) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ,മലപ്പുറം (എക്സൈസ് കമ്മീഷണർ മുഖേന)
(പരാമർശം 1 മുതൽ 4 വരെയുള്ള പകർപ്പുകൾ സഹിതം)
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 10-06-2024 12:56:54
സെക്ഷൻ ഓഫീസർ